LIBRARY ARCHIVES Kerala Legislative Assembly

രാജവെമ്പാലയുടെ കടിയേറ്റ് മരണപ്പെട്ട ഹർഷാദിന്റെ മകന്റെ 18 വയസ്സ് വരെയുള്ള പഠനചെലവ് സർക്കാർ ഏറ്റെടുത്ത് തുടർനടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കുടുംബത്തിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തവായിട്ടുണ്ട്. കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങളിലെ വ്യവസ്ഥയിലിളവ് വരുത്തി 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഒപ്പം സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ സീനിയോരിറ്റി മറികടന്ന് ടിയാന്റെ വിധവയ്ക്ക് ആശ്രിത നിയമനം നൽകുന്നതിനും തീരുമാനമായിട്ടുണ്ട്.

വെറ്ററിനറി ഡോക്ടർമാരുടെ വകുപ്പുതല പരിശീലനം

374(1359) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വെറ്ററിനറി ഡോക്ടർമാരുടെ വകുപ്പുതല പരിശീലനം പൂർത്തിയായോയെന്നറിയിക്കാമോ?

വെറ്ററിനറി ഡോക്ടർമാരുടെ അവസാന ബാച്ച് വകുപ്പുതല പരിശീലനം 18-7-2021-ന് പൂർത്തികരിച്ചു.

(ബി) പരിശീലനത്തിന് പോകുന്ന വെറ്ററിനറി ഡോക്ടർമാർക്ക് പകരം അധിക ചുമതല നൽകുന്ന ഡോക്ടർമാർക്ക് തൃപ്തികരമായ സേവനം നൽകാൻ സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(സി) മൃഗപരിപാലനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർ അധികമുള്ള പ്രദേശങ്ങളിൽ ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)